## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -597          02-12-2014 ൽ മറുപടിക്ക്**

## ലീഗൽ സർവ്വീസസ് അതോറിറ്റി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ എ.പി. അബ്ദുള്ളക്കുട്ടി<br>" ആർ. സെൽവരാജ്<br>" ജോസഫ് വാഴക്കൻ<br>" എ.റ്റി ജോർജ്ജ് | ശ്രീ. കെ.എം. മാണി<br>(ബഹു, ധനകാര്യവും, നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ; | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതിയിലെ കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കാമോ; | കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾ വഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക, അർഹരായ |

| | | |
|---|---|---|
| | | എല്ലാവർക്കും സൗജന്യ നിയമ സഹായം നൽകുക, വിവിധ ജനവിഭാഗങ്ങൾക്ക് നിയമബോധനം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) | അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | അദാലത്തിൽ ഇരു കക്ഷികളുടേയും സമ്മതപ്രകാരം ഉണ്ടാകുന്ന തീർപ്പുകൾ ലീഗൽ സർവ്വീസസ് ആക്റ്റ്, 1987 ലെ 21 -ാം വകുപ്പ് (2) -ാം ഉപവകുപ്പ് പ്രകാരം അന്തിമമായിരിക്കും. അത്തരം തീർപ്പുകൾക്ക് മേൽ അപ്പീലുകൾ നിലനിൽക്കുന്നതല്ല. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ്, 1987 -ലെ 19 -ാം വകുപ്പ് (2) -ാം ഉപവകുപ്പ് പ്രകാരം സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതോ, അല്ലെങ്കിൽ സേവനത്തിൽ നിന്നും വിരമിച്ചതോ ആയ ജുഡീഷ്യൽ ഓഫീസർ, ഒരു അഭിഭാഷകൻ എന്നിവർ ഉൾപ്പെട്ട ബഞ്ചാണ് ഇരു കക്ഷികളുടെയും സമ്മതത്തോടെ യുള്ള തീർപ്പ് കൽപ്പിക്കുന്നത്. |

| | | |
|---|---|---|
| ഡി | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര അദാലത്തുകൾ നടത്തുകയും എത്ര കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | ജൂൺ 2011 മുതൽ സെപ്റ്റംബർ 2014 വരെ 12040 അദാലത്തുകൾ നടത്തുകയും 122768 കേസുകൾ തീർപ്പാക്കുകയും ചെയ്തു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ